കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ഗൈഡ് 2018- അച്ചടിയും വിതരണവും - അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്**

സ.ഉ (സാധാ) നം. 3269/2017/തസ്വഭവ. തിരുവനന്തപുരം, തീയതി, 11.10.2017.

---

പരാമർശം:- 1) സ.ഉ. (സാധാ) നം.2777/16/തസ്വഭവ തീയതി, 30.09.2016.
2) പഞ്ചായത്ത് ഡയറക്ടറുടെ 13.08.2017 ലെ പി-24705/2017 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പഞ്ചായത്ത് ഡയറക്ടറുടെ പരാമർശ കത്തിലെ ശുപാർശ പ്രകാരം 2018 ലെ പഞ്ചായത്ത് ഗൈഡിന്റെ അച്ചടിക്കും വിതരണത്തിനുമായി താഴെപറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

1. പഞ്ചായത്ത് ഗൈഡിന് "തദ്ദേശകം 2018" എന്ന പേര് നൽകേണ്ടതാണ്.
2. തദ്ദേശകം 2018 നഗരസഭകളിലെ എല്ലാ കൗൺസിലർമാർക്കും, സെക്രട്ടറി, അഡീഷണൽ/ഡെപ്യൂട്ടി സെക്രട്ടറി, ഹെൽത്ത് ഓഫീസർ, നഗരസഭാ എഞ്ചിനീയർ എന്നിവർക്കും നഗരസഭയിലെ മറ്റ് വകുപ്പ് തലവന്മാരുടേയും എണ്ണത്തിനനുസരിച്ച് അച്ചടിച്ച് നൽകേണ്ടതും, കോപ്പി ഒന്നിന് 190 രൂപ വീതം ബന്ധപ്പെട്ട നഗരസഭകളിൽ നിന്ന് ഈടാക്കേണ്ടതുമാണ്.
3. കുടുംബശ്രീയുടെ എല്ലാ സി.ഡി.എസ്.ചെയർപേഴ്സൺമാർക്കും, ഉദ്യോഗസ്ഥർക്കും നൽകുന്നതിനായി 1500 എണ്ണം യഥാർത്ഥ അച്ചടി ചെലവിൽ വിതരണം ചെയ്യേണ്ടതാണ്.
4. ഗ്രാമപഞ്ചായത്തുകൾക്കും പഞ്ചായത്ത് വകുപ്പിനും ഇതര വകുപ്പുകൾക്കും വിതരണം ചെയ്യുന്നതിനായി പരസ്യമുള്ള 25000 ഗൈഡും പരസ്യമില്ലാത്ത 5000 ഗൈഡും അച്ചടിക്കേണ്ടതാണ്.
5. ഗ്രാമപഞ്ചായത്തുകൾക്ക് അംഗങ്ങളുടെയും സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്/ഹെഡ്ക്ലാർക്ക്, അക്കൗണ്ടന്റ്മാർ എന്നിവരുടെയും എണ്ണത്തിന് ആനുപാതികമായി ഗൈഡൊന്നിന് 190/- രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവ് ചെയ്യേണ്ടതാണ്.

6. പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് ഗൈഡൊന്നിന് നികുതി ഉൾപ്പെടെ 190/- രൂപ വില നിശ്ചയിക്കേണ്ടതാണ്

7. പരസ്യം ശേഖരിക്കുന്നതിന് ഫുൾപേജിന് 15000/- രൂപയും, ½ പേജിന് 10000/- രൂപയും, ¼ പേജിന് 7500/- രൂപയും നിരക്ക് നിശ്ചയിക്കേണ്ടതാണ്

8. ഗ്രാമവികസന വകുപ്പിനും, ജില്ല/ബ്ലോക്ക് പഞ്ചായത്തുകൾക്കും, ഗ്രാമവികസന വകുപ്പ് ആവശ്യപ്പെടുന്ന എണ്ണം ഗൈഡുകൾ അച്ചടിക്കേണ്ടതും അതിന്റെ യഥാർത്ഥ അച്ചടിചെലവ് കണക്കാക്കി ആനുപാതികമായി ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകളിൽ നിന്നും തുക ചെലവ് ചെയ്യേണ്ടതാണ്

9. മറ്റ് വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ഗൈഡ് ആവശ്യമുള്ള പക്ഷം അവരുടെ ആവശ്യപ്രകാരം ഗൈഡുകൾ അച്ചടിക്കേണ്ടതും അതിനാവശ്യമായ തുക യോഗ്യമായ ഫണ്ടിൽ നിന്നും ചെലവ് ചെയ്യേണ്ടതുമാണ്.

10. ഗ്രാമ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ഗൈഡ് അച്ചടിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം).

സി.എസ്.ശ്രീകല
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി, ക്ലസ്,
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് & ന്യൂ മീഡിയ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ